**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**
**09 February 2018**
**(22 Jamad'ul Awwal 1439 AH)**

# MERCY ദയ/കരുണ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം ദയ/കരുണ എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

ഇസ്ലാമിൽ, സർവ്വശക്തനായ അല്ലാഹുവിനോട്, ഭയത്തെ ധ്വനിപ്പിക്കുന്നതാണ് ദയ. സർവ്വശക്തനായ അല്ലാഹുവിനോടുള്ള ഈ ഭയം അവനെ വിശ്വാസത്തിന്റെ ഗിരിശൃംഖങ്ങളിലേക്ക് എത്തിക്കുന്നു. ശിക്ഷകളിൽ നിന്ന് അകറ്റപ്പെടുന്നു. സാത്താന്റെ ദുഷിച്ച സ്വാധീനത്തിൽ നിന്നും മുക്തമാക്കപ്പെടുന്നു. വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ചും വിവിധങ്ങളായ പ്രവാചക വചനങ്ങളുടെ അടിസ്ഥാനത്തിലും, ഭൂമിയിലെ ജീവിതം പടത്തുയർന്നപ്പെടുന്നത് സന്തോഷം ഉണ്ടാക്കുന്ന തത്വങ്ങളുടെ അടിസ്ഥാനത്തിലാണ്, എന്നത് വളരെ വ്യക്തമാണ്. സൃഷ്ടികൾ പരസ്പരം കരുണ കാണിക്കുവാൻ വളരെ പ്രാധാന്യത്തോടെ, അത് പ്രോത്സാഹിപ്പിക്കുന്നു.

സർവ്വശക്തനായ അല്ലാഹു അനുഗ്രഹിച്ചിരിക്കുന്നവർക്ക് നല്കിയിരിക്കുന്ന ഏറ്റവും വലിയ ഒരു ഗുണം തന്നെയാണ് അനുകമ്പ. അതുപോലെ തന്നെ അല്ലാഹു (ത) ദൗർഭാഗ്യവാന്മാരിൽ നിന്നും അത് ആട്ടി ഓടിച്ചിരിക്കുന്നു. അനുകമ്പ ഓരോ ജീവിയുടെയും ഹൃദയത്തിൽ നട്ടുപിടിപ്പിച്ചിരി

ക്കുന്ന വസ്തുതയാണ്. ഓരോ ജീവിയും അവരാണ് തീരുമാനിക്കേണ്ടത് ഇത് എങ്ങനെ സജീവമായി നിലനിർത്തണമെന്ന് ! സർവ്വശക്തനായ അല്ലാഹുവിന്റെ തൃപ്തിക്കായി !

പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) പറഞ്ഞതായി അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നത് സഹീഹുൽബുഖാരിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ അല്ലാഹുവിന് 100 കരുണകളുണ്ട്. അതിൽ നിന്നും ഒരു കരുണയാണ് അവന്റെ സൃഷ്ടികൾ അഖിലത്തിലൂടെയും പരസ്പരം പ്രകടമാക്കുന്നത്. അവന്റെ കാരുണ്യത്തിന്റെ 99%വും അവൻ പുനരുത്ഥാന നാളിലേക്ക് മാറ്റിവെച്ചിരിക്കുകയാണ്. അൽഹംദുലില്ലാഹ്.

സർവ്വശക്തനായ അല്ലാഹുവിന്റെ മനോഹരമായ ഗുണങ്ങളിൽ ഒരു ഗുണമാണ് കരുണ /ദയ. നമ്മെ സംബന്ധിച്ചിടത്തോളം അതായത് സർവ്വശക്തനായ അല്ലാഹുവിന്റെ സൃഷ്ടികളെ സംബന്ധിച്ചിടത്തോളം കരുണ സമ്പൂർണ്ണതയുടെ ഒരു ഗുണമാണ്. ദയകൊണ്ട് ജീവികൾ പരസ്പരം സ്നേഹ സൗഹൃദങ്ങൾ പങ്കിടുന്നു. ശക്തിയുള്ളവൻ ശക്തിയില്ലാത്തവനോട് ദയ കാണിക്കുന്നു. അതാണ് കരുണ /ദയ എന്നു പറയുന്നത്. പണക്കാരൻ പാവപ്പെട്ടവനെ, ആവശ്യക്കാരനെ, അതി ദരിദ്രനായവനെ സഹായിക്കുവാൻ വിമുഖത കാണിക്കില്ല അതാണ് അനുകമ്പ. നമ്മെ സംബന്ധിച്ചിടത്തോളം, സമുദായത്തിൽ, അനുകമ്പ എന്നത് കുടുംബത്തിലും, സമൂഹത്തിലും ഒഴിച്ചു കൂടാൻ പാടില്ലാത്ത ഒരു കടമയാണ്. അത് സർവ്വശക്തനായ ദൈവത്തെ പ്രീതിപ്പെടുത്തുന്ന കാര്യമാണ് നിത്യജീവിതത്തിൽ അനുകമ്പ കാണിക്കുന്നവരുടെ മേൽ ദൈവം തന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നു.

അനുകമ്പ എന്നത് ഒരു ദൈവീക വരദാനമാണ് പ്രസ്തുത വര

ദാനം എല്ലാ മനുഷ്യരിലും നിക്ഷേപിച്ചിട്ടുണ്ട്. സർവ്വശക്തനായ ദൈവത്തിന്റെ പ്രസ്തുത വരദാനത്തെ ചിലർ പ്രവർത്തനക്ഷമമാക്കാതെ വിട്ടിരിക്കുന്നു. ഇതിന്റെ ആത്മീയ പ്രാധാന്യം അവർ ഗ്രഹിക്കുന്നില്ല എന്നതാണ് അതിന്റെ മറ്റൊരു വശം. വിശിഷ്യാ മനുഷ്യൻ സാത്താന്റെ സ്വാധിനത്തിൽ വളരെ പെട്ടെന്ന് വീഴുന്നു. എന്നിട്ടവൻ പാപം ചെയ്യുന്നു. അതിനേക്കാൾ ഗൗരവതരമാണ് ഈ മഹത്തായ ആത്മീയത. മറ്റുള്ളവരിലേക്ക് കടത്തിവിടാതെ പിടിച്ചു നിർത്തുക എന്നത് ! അതിലൂടെ അവനിലെ ഈ അനുഗ്രഹങ്ങൾ അവൻ നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.

മനുഷ്യസമുദായത്തിലെ വിശ്വാസികളെ സംബന്ധിച്ചിടത്തോളം അനുകമ്പ എന്നത് പരിപാപനമായ ഒരു ഘടകമാണ്, ഒരു ദൈവീക വരദാനമാണ്. വിലപ്പിടപ്പുള്ള ഒരു ഘടകമാണ്. ഇസ്ലാം മുസ്ലിംകളോട് കരുണയുള്ളവരായിരിക്കുവാൻ കല്പിക്കുന്നു. കാരണം ഇസ്ലാം എന്നത് കാരുണ്യത്തിന്റെയും ദയയുടെയും മതമാകുന്നു. അവ നമ്മെ പഠിപ്പിക്കുന്നത് നന്മയും, നീതിയും, ദയയും, ശാന്തതയും, സൗമ്യവും, സമാധാനവും, മാത്രമല്ല ഏകനായ ദൈവത്തെ ആരാധിക്കുവാനുമാകുന്നു. ഇവയ്ക്ക് ഒരു പരിധിയും നിശ്ചയിച്ചിട്ടാത്തതുമാകുന്നു. അനുകമ്പ തെറ്റായതിനെ, മോശമായതിനെ മ്ളേഛമായതിനെ ന്യൂനതയുള്ളതിനെ നീക്കം ചെയ്യുവാനുള്ള അവസരം നല്കുന്നു. സർവ്വശക്തനായ ദൈവം തന്റെ ദൂതനോട് പറയുകയുണ്ടായി ഭൂലോകവാസികൾക്ക് കാരുണ്യമായിട്ടല്ലാതെ നാം നിന്നെ അയ്ച്ചിട്ടില്ല. (21 : 108)

അംറുബ്നു അബ്ദുല്ലാ റിപ്പോർട്ട് ചെയ്യുന്നു. പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. കരുണാവാരിധിയായവൻ (അല്ലാഹു) കരുണകാണിക്കുന്നവരുടെ മേൽ അവന്റെ കരുണ പ്രകടമാക്കുന്നു. ആയ

തിനാൽ ഭൂവാസികളോട് നിങ്ങൾ കരുണകാണിക്കു ! അപ്പോൾ സ്വർഗ്ഗ ത്തിലുള്ളവൻ നിങ്ങളോട് കരുണ കാണിക്കുന്നതാണ് (തിർമിദി)

പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞതായി ജരീറുബ്നി് അബ്ദു ല്ലാഹ് (റ) റിപ്പോർട്ട് ചെയ്യുന്നു. ബുഖാരി, മുസ്ലിം എന്നീ ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ജനങ്ങളോട് കരുണ കാണിക്കാത്തവരോട് ദൈവം കരുണ കാണ ക്കുകയില്ല. മാത്രമല്ല മറ്റുള്ളവർക്ക് മാപ്പ് ചെയ്യാത്തവർക്ക് സർവ്വശക്ത നായ ദൈവം, ഒരിക്കലും അവർക്ക് മാപ്പുചെയ്യുകയില്ല. വിശ്വാസികളുടെ മാതൃക, അവരുടെ സൗഹൃദം, അവരുടെ സ്നേഹവായ്പ്, അവരുടെ അനു കമ്പ, അവരുടെ ആത്മാർത്ഥത, അവരുടെ വിശ്വസ്തത, അവരുടെ സഹായ വാഞ്ച, ഇവ ഒരു ശരീരം പോലെയാകുന്നു. ഈ ശരീരത്തിലെ ഏതെ ങ്കിലും ഒന്ന് വേദനിച്ചാൽ, മുഴുശരീരവും തന്മൂലം വേദനിക്കും

ഏറ്റവും ചെറുതുപോലും അതായത് കുഞ്ഞുങ്ങളിൽ നിന്നുപോ ലും, അവർ അവരുടെ മുതിർന്നവരോട്, കരുണ ആവശ്യപ്പെടുന്നു. പ്രായ മായവരുടെ കാര്യത്തിൽ, ശക്തിക്ഷയിച്ചവർക്ക്, രോഗിയായവർക്ക്, അനു കമ്പ ഇരട്ടിയാക്കേണ്ടതാണ്, അല്ലെങ്കിൽ മൂന്ന് മടങ്ങാക്കേണ്ടതാണ്. അതുമല്ലെങ്കിൽ പരിധിയില്ലാതെ ദയ കാണിക്കേണ്ടതാണ്.

പ്രായമായവരെ ബഹുമാനിക്കാത്തവർ നമ്മിൽ പെട്ടവനല്ല. കൊച്ചു കുഞ്ഞുങ്ങളോട് കരുണ ചൊരിയാത്തവർ നമ്മിൽ പെട്ടവനല്ല. നിത്യജീ വിതത്തിൽ നന്മ ചെയ്യാത്തവർ നമ്മിൽപ്പെട്ടവനല്ല. തിന്മയെ, മ്ളേച്ഛതയെ സ്വേഛാധികാരത്തെ, അഹംഭാവത്തെ, വഞ്ചനയെ, സമൂഹത്തിലെ മറ്റു തിന്മയെ പ്രതിരോധിക്കാത്തവൻ നമ്മിൽപെട്ടവനല്ല. മുഹമ്മദ് (സ) പറ ഞ്ഞതായി തിർമിദിയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഉമ്മഹാത്തുൽ മുഅ്മിനീൻ ഹസ്രത് ആയിശാ (റ) റിപ്പോർട്ട്

ചെയ്തിരിക്കുന്നു. അവർ പ്രവാചകൻ (സ) യോടൊപ്പം പങ്കുവെച്ച കാരുണ്യത്തെ കുറിച്ച് പ്രതിപാദിക്കുന്നു. അവർ പറയുന്നു.

ഒരു ഗ്രാമവാസി അല്ലാഹുവിന്റെ ദൂതനെ കാണുവാൻ വന്നു എന്നിട്ട് പറഞ്ഞു. നിങ്ങൾ കുട്ടികളെ ആലിംഗനം ചെയ്യുന്നു. ഞങ്ങൾ വളരെ അപൂർവ്വമായി മാത്രമെ ചെയ്യാറുള്ളു. അഥവാ ഞങ്ങൾ അങ്ങനെ ചെയ്യാറില്ല. പരിശുദ്ധ പ്രവാചകൻ മറുപടിയായി പറഞ്ഞു. സർവ്വശക്തനായ അല്ലാഹു നിങ്ങളുടെ ഹൃദയത്തിൽ നിന്നും അനുകമ്പ നീക്കം ചെയ്തുവെങ്കിൽ, എനിക്ക് നിങ്ങൾക്ക് വേണ്ടി എന്തു ചെയ്യുവാൻ കഴിയും (ബുഖാരി )

## മൃഗഭാഷ

മൃഗങ്ങൾപോലും, പ്രകൃതിപോലും, സർവ്വശക്തനായ അല്ലാഹുവിൽ നിന്ന് ദയ സ്വീകരിച്ചിരിക്കുന്നു. എന്തുകൊണ്ടാണിങ്ങനെ ? ഇസ്ലാം ദയയുടെ മതമാകുന്നു. നീതിയുടെ മതമാകുന്നു. സമാധാനത്തിന്റെ മതമാകുന്നു. ഇസ്ലാം പ്രത്യേകമായി മുസ്ലിംകളോട് കല്പിച്ചിരിക്കുന്നു. നിങ്ങൾ ദയയുള്ളവരായിരിക്കുവാൻ !

അബ്ദുല്ലാഇബ്ന് ജഅ്ഫർ (റ)വിവരിക്കുന്നു. അൻസാരികളുടെ കൂട്ടത്തിൽപ്പെട്ട് ഒരാളിന്റെ വേലികെട്ടിയിട്ടുള്ള ഒരു തോട്ടത്തിൽ, പ്രവാചകൻ (സ) പ്രവേശിച്ചു. അതിൽ ഒരൊട്ടകം ഉണ്ടായിരുന്നു. പ്രവാകൻ (സ) യെ പ്രസ്തുത ഒട്ടകം കണ്ടപ്പോൾ, ആ മൃഗം കണ്ണുനീർപൊഴിക്കുവാൻ തുടങ്ങി. വേദനയോടെ കരയുവാൻ തുടങ്ങി. പ്രവാചകൻ (സ) പെട്ടെന്ന് തന്നെ, വേദനിക്കുന്ന മൃഗത്തിന്റെ അടുത്തേക്ക് എത്തി, അതിന്റെ കണ്ണുനീർ തുടച്ചു. ആർദ്രതയോടെ അതിനെ തടവി, പരിചരിച്ചു. ഒട്ടകം കരച്ചിൽ നിർത്തി. സന്തോഷത്തിന്റെ അടയാളങ്ങൾ പ്രകടമാക്കിത്തുടങ്ങി. തുടർന്ന് പ്രവാചകൻ (സ) അതിന്റെ ഉടമസ്ഥനെ കുറിച്ച് അന്വേഷിച്ചു. അൻസാരികളിൽപെട്ട ഒരു യുവാവ് പറഞ്ഞു. ഞാനാണ് ഇതിന്റെ ഉടമസ്ഥൻ എന്ന് ! പരിശുദ്ധ പ്രവാചകൻ

(സ) അദ്ദേഹത്തോടായി പറഞ്ഞു. ഈ മൃഗത്തിന്റെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുന്നില്ലേ?

ഈ മൃഗത്തിന് നിങ്ങളിൽ നിന്ന് സൗഹൃദവും അനുകമ്പയും ലഭിക്കുന്നില്ല. ഇത് സംബന്ധമായി കരഞ്ഞുകൊണ്ട് എന്നോട് പരാതിപെടുകയായിരുന്നു (അഹ്മദ്)

ഒട്ടകത്തിന്റെ ഭാഷ മനസ്സിലാക്കുവാനുള്ള കഴിവ് സർവ്വശക്തനായ അല്ലാഹു പരിശുദ്ധ പ്രവാചകൻ (സ)ന് നല്കിയിരുന്നു.

അവന്റെ പ്രവാചകനായ സുലൈമാൻ നബി (അ) ന് പക്ഷികളുടെ ഭാഷ അവൻ പഠിപ്പിച്ചതുപോലെ !

മറ്റൊരു സന്ദർഭത്തിൽ പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞു. ഉചിതമായ കാരണമില്ലാതെ ഒരു പക്ഷിയെ ഒരുവൻ കൊന്നാൽ, സർവ്വശക്തനായ അല്ലാഹുവിനോട് അത്, വിധിനാളിൽ പരാതിപ്പെടുന്നതായിരിക്കും. യാ അല്ലാഹ് ! ഒരാൾ എന്നെ പീഡിപ്പിച്ചു. മുറിവേല്പിച്ചു. എന്നെ വധിച്ച് ഒരു കാരണവും കൂടാതെ ! എന്നോട് ഒരല്പം പോലും ദയ കാട്ടിയില്ല. അത്തരം സന്ദർഭങ്ങളിൽ അല്ലാഹുവിന്റെ ശിക്ഷ എന്തായിരിക്കുമെന്ന് ഒന്ന് ഊഹിച്ചു നോക്കു !

അവിശ്വാസികളോട് പോലും, ഏറ്റവും നല്ല നിലയിൽ വർത്തിക്കുവാനാണ് ഇസ്ലാം നിർദ്ദേശിക്കുന്നത്. ഇപ്രകാരം ചെയ്യുന്നതിലൂടെ മുസ്ലിംകൾ ദയയാണ് കാണിക്കുന്നത്, അതിലൂടെ സർവ്വശക്തനായ ദൈവത്തിന്റെ മഹത്വത്തെയാണ് പ്രകടമാക്കുന്നത്.

## *തിരിച്ചടി / പ്രതികരണം*

നാം ജീവിക്കുന്ന ഈ കാലത്ത് ഇസ്ലാംമിലെ സഹോദരി സഹോദരന്മാരെ ! കാരുണ്യം എന്നത് ഇസ്ലാമിലെ നിഘണ്ടുവിലില്ല എന്ന തോന്ന

ലാണ് ജനിപ്പിച്ചിട്ടുള്ളത് ! നാം മുസ്ലിം സമുദായം എന്ന നിലയിൽ നമ്മുടെ ജീവിത്തിലുടനീളം ഓരോ ചവിട്ടടിയിലും അനുകമ്പ എന്ന വികാരം പ്രകടിപ്പിക്കേണ്ടതാണ്. അത് നിങ്ങളുടെ കഠിന ശത്രുവിനോടാണെങ്കിൽ പോലും ! കാരണം ഇസ്ലാം പ്രബോധിക്കുന്നത് അനുകമ്പയാണ്. എന്നിട്ട് നിങ്ങൾ പ്രാർത്ഥിക്കുക, സർവ്വശക്തന്റെ അനുഗ്രഹങ്ങൾക്കായി ! നിങ്ങളോട് അന്യായം പ്രവർത്തിക്കുന്നവർക്കായി പ്രാർത്ഥിക്കുക. ചിലപ്പോൾ അവർക്ക് മാറ്റം വന്നേക്കാം, അവർ നേർവഴിയിൽ വന്നേക്കാം.

ഭൂമിയിലെ ഈ ജീവിത സമയത്ത് മാനവസമൂഹത്തിന് ആവശ്യം ഇസ്ലാമിലെ അതിമഹത്തായ തത്വങ്ങളാണ്. ഈ അധ്യാപനങ്ങളെ ജീവിപ്പിക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. മാനവരക്ഷയ്ക്കായി നാമത് ഏറ്റെടുത്തേ മതിയാകു ! അതിലൂടെ മാനവസമൂഹം മുഹമ്മദ് (സ) യുടെ മനുഷ്യസമുദായം, അവരർഹിക്കുന്ന സമാധാനഗേഹം കണ്ടെത്തുക തന്നെ ചെയ്യുന്നതാണ് ഇൻശാ അല്ലാഹ് ! ആമീൻ


**Translated & Issued by :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**